# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2567 — 14.12.2015 -ൽ മറുപടിക്ക്

## ആരോഗ്യകിരണം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | 18 വയസ്സിനു താഴെ പ്രായമുള്ള എല്ലാ കുട്ടികളുടെയും ചികിത്സാ ചെലവ് വഹിക്കുന്ന ആരോഗ്യ കിരണം പദ്ധതി എന്നുമുതലാണ് നടപ്പിലാക്കിയത് ; | (എ) | 2013 ഒക്ടോബർ 2 -ാം തീയതി മുതലാണ് 18 വയസ്സിനു താഴെ പ്രായമുള്ള എല്ലാ കുട്ടികളുടെയും ചികിത്സാ ചെലവ് വഹിക്കുന്ന ആരോഗ്യ കിരണം പദ്ധതി നടപ്പിലാക്കിയത്. |
| (ബി) | ഏതെല്ലാം രോഗങ്ങളുടെ ചികിത്സ യ്ക്കാണ് സഹായം ലഭ്യമാക്കുന്നത് ; | (ബി) | ആർ.ബി.എസ്.കെ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മുപ്പത് രോഗങ്ങൾക്ക് പുറമെയുള്ള എല്ലാ വിധ അസുഖങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ സഹായം ലഭിക്കുന്നതാണ്.<br>ആർ.ബി.എസ്.കെ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മുപ്പത് രോഗങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഏതെല്ലാം ആരോഗ്യ സ്ഥാപനങ്ങളിലെ ചികിത്സയ്ക്കാണ് പ്രസ്തുത പദ്ധതി മുഖേന സഹായം നൽകുന്നത് ; | (സി) | പ്രാഥമിക ആരോഗ്യ കേന്ദ്രം, സാമൂഹ്യ ആരോഗ്യ കേന്ദ്രം, താലൂക്കാശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ തുടങ്ങി എല്ലാവിധ സർക്കാരാശുപത്രികൾ മുഖേനയും ആരോഗ്യകിരണം പദ്ധതി പ്രകാരമുള്ള സഹായം നൽകുന്നുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം ആരോഗ്യസ്ഥാപനങ്ങളിൽ ചികിത്സതേടിയ എത്ര കുട്ടികൾക്ക് ആകെ എത്ര തുകയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | സംസ്ഥാനത്ത് ആകമാനമായി (ഒക്ടോബർ 2013 മുതൽ ഒക്ടോബർ 2015 വരെ) 69,56,518 കുട്ടികൾക്ക് വിവിധ സർക്കാരാശുപത്രികളിലായി 9.05 കോടി രൂപയുടെ (ഒൻപത് കോടി അഞ്ച് ലക്ഷം രൂപയുടെ) ചികിത്സാ സഹായം ആരോഗ്യകിരണം പദ്ധതിയിലൂടെ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## ജനനവൈകല്യങ്ങൾ (Defects at Birth)

- ന്യൂറൽ ട്യൂബ് ഡിഫക്ട് (Neural Tube Defect)
- ഡൗൺസിൻഡ്രോം (Down Syndrome)
- മുറിച്ചുണ്ട് (Cleft lip)
- അണ്ണാക്കിലെ വിടവുകൾ (Palate / Cleft Palate alone)
- കാല്പാദ വൈകല്യങ്ങൾ – Talipes (Club foot)
- അരക്കെട്ടിനുണ്ടാകുന്ന വികാസവൈകല്യം (Developmental Pysplasia of the Hip)
- ജന്മനാലുള്ള തിമിരം (Congenital Cataract)
- ജന്മനാലുള്ള കേൾവിക്കുറവ് (Congenital Deafness)
- ജന്മനാലുള്ള ഹൃദ്രോഗം (Congenital Heart Diseases)
- Retinopathy of Prematurity (മാസം തികയാതെ പ്രസവിക്കുന്നത് കൊണ്ട് കണ്ണിലെ റെറ്റിനയ്ക്കുണ്ടാകുന്ന തകരാറുകൾ)

## ന്യൂനതകൾ (Deficiencies)

- വിളർച്ചയും ഗുരുതരമായ അനീമിയയും
- വിറ്റാമിൻ A യുടെ കുറവ് (Bitot Spot)
- വിറ്റാമിൻ Dയുടെ കുറവ് (Rickets)
- ഗുരുതരമായ പോഷകാഹാരക്കുറവ്
- തൊണ്ടവീക്കം (Goiter)

## ശൈശവ രോഗങ്ങൾ (Childhood Diseases)

- ത്വക്ക് രോഗങ്ങൾ (Scabies, Fungal Infection and Eczema)
- ചെവിക്കുള്ളിലെ അണുബാധ (Otitis Media)
- റുമാറ്റിക്ക് ഹൃദ്രോഗം (Rhumatic Heart Disease)
- പല്ലിലെ പോട് (Dental caries)
- ജന്നിരോഗങ്ങൾ (Convulsive Disorders)

## വളർച്ചയിലെ കാലതാമസവും വൈകല്യങ്ങളും (Developmental delays and Disabilities)

- കാഴ്ചക്കുറവ്
- കേൾവിക്കുറവ്
- Neuro-Motor impairment } (ചലനവൈകല്യങ്ങൾ)
- Motor delay }
- ബുദ്ധിപരമായ വികാസത്തിലുള്ള കാലതാമസം (Cognitive Delay)
- ഭാഷാപരമായ വികാസത്തിലുള്ള കാലതാമസം (Language Delay)
- ഓട്ടിസം (Autism)
- പഠനവൈകല്യം (Learning Disorder)
- എ.ഡി.എച്ച്.ഡി (Attention Deficit Hyperactivity Disorder)
- Congenital Hypothyroidism, Sickle Cell Anaemia, Beta Thalassemia (ബീറ്റാതലസീമിയ) (Optional)